(ഡി) ഉണ്ട്.

(ഇ) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഒരു ബ്ലോക്കിൽ ഒന്ന് വീതം യുവജനകാർഷിക ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകൾ മുഖേന കാർഷിക ബോധവത്ക്കരണ പദ്ധതികൾ കൂൺകൃഷി പരിശീലനം, കാർഷിക ശില്പശാല, ജൈവ പച്ചക്കറി കൃഷി പരിശീലനം എന്നിവ സംഘടിപ്പിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

(എഫ്) നിലവിൽ യൂത്ത് കോ- ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

ഭക്ഷ്യസുരക്ഷയ്ക്കും മൃഗസംരക്ഷണത്തിനുമുള്ള കേന്ദ്രാവിഷ്കൃത പദ്ധതി

23 (*23) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സുരക്ഷയ്ക്കും മൃഗസംരക്ഷണത്തിനുമായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രത്തോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുവാദവും ഫണ്ടും ആവശ്യപ്പെട്ടത് ;

(സി) ഏതെങ്കിലും പദ്ധതികൾക്ക് കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ;

(ഡി) കേന്ദ്രാനുമതി ലഭിച്ച ഏതെല്ലാം പദ്ധതികളാണ് നാളിതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) കേന്ദ്ര പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച് സംസ്ഥാനം ഏതെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ&ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റേഷൻകടകളിലൂടെ അരിക്കും ഗോതമ്പിനും പുറമേ മറ്റുഅവശ്യ വസ്തുക്കൾകൂടി ലഭ്യമാക്കുന്ന തിനായി 354 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി സംസ്ഥാന/സർക്കാർ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിക്കും സഹായത്തിനുമായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 25% കേന്ദ്ര വിഹിതമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ മൃഗസംരക്ഷണവകുപ്പ് താഴെ പറയുന്ന

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾക്കാണ് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുള്ളത്. ആത്മഹത്യാ പ്രേരിത ജില്ലകളായ കാസർകോഡ്, വയനാട്, പാലക്കാട് ജില്ലകളിലെ കർഷകരുടെ പുനരധിവാസത്തിനായി വിദർഭ പദ്ധതിയും ആർ.കെ.വി.വൈ. പദ്ധതിയും സുനാമി പുനരധിവാസ പദ്ധതി, ഇടുക്കി പാക്കേജുകൾ, സംയോജിത കന്നുകാലി വികസന പദ്ധതി (ഒറ്റ തവണ കേന്ദ്ര ധന സഹായം) പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതി എന്നിവയ്ക്ക് കേന്ദ്രത്തിന്റെ ധനസഹായത്തിനായി പദ്ധതികൾ സമർപ്പിക്കുകയുണ്ടായി. ഇതു കൂടാതെ കേന്ദ്രാവിഷ്കൃത തുടർ പദ്ധതികളായ കന്നുകാലിരോഗങ്ങളെ നിയന്ത്രിക്കുന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധന സഹായ പദ്ധതി, കുളമ്പു രോഗ നിയന്ത്രണത്തിനുള്ള പദ്ധതി ,ദേശീയ തീറ്റപ്പുൽ പദ്ധതി, സംസ്ഥാനത്തെ കോഴി, താറാവ് വളർത്തൽ കേന്ദ്രങ്ങൾക്കുള്ള പദ്ധതി, മൃഗസംരക്ഷണ സമിതിവിവരകണക്കും സാമ്പിൾ സർവ്വെയും, കന്നുകാലി സെൻസസ് ഓപ്പറേഷൻ വിന്റർപെസ്റ്റ് സംസ്ഥാന വെറ്ററിനറി കൗൺസിലുകൾക്കുള്ള ധനസഹായം, പി.പി.ആർ. രോഗ നിയന്ത്രണ പദ്ധതി, ദേശീയ ബ്രൂസല്ലാ നിയന്ത്രണ പരിപാടി, മൃഗാശുപത്രികളുടെ ശക്തിപ്പെടുത്തലിനുള്ള ധനസഹായം എന്നീ പദ്ധതികൾക്കും പ്രൊപ്പോസലുകൾ കേന്ദ്രത്തിൽ സമർപ്പിച്ച് ധനസഹായം ലഭിച്ചുവരുന്നു. ഇതു കൂടാതെ കേരള കന്നുകാലി വികസന ബോർഡ് മുഖേന കന്നുകാലി ഇൻഷുറൻസ് പദ്ധതിയുടെ എൻ.പി.സി.ബി.ബി. പദ്ധതിയും ചെറിയ അയവിറക്കുന്ന മൃഗങ്ങളുടേയും മുയലുകളുടേയും സമഗ്ര വികസന പദ്ധതിയും മിൽമ, ക്ഷീരവികസനവകുപ്പ്, കേരള ഫീഡ്സ് ലിമിറ്റഡ്, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, മീറ്റ്സ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ എന്നീ ഏജൻസികളിലൂടെയും കേന്ദ്രത്തിൽ പദ്ധതികൾ സമർപ്പിച്ച് ധനസഹായം ലഭിച്ചു വരുന്നു. മേൽപ്പറഞ്ഞ മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ പദ്ധതികൾക്കും കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. കേന്ദ്രസഹായം ലഭിച്ചിട്ടുള്ള മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികളുടെയും ഫണ്ടിന്റെയും വിശദാംശം അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

(ഡി) കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

(ഇ&എഫ്) വകുപ്പ് തലത്തിലും സെക്രട്ടറി തലത്തിലും മാസാന്ത്യ അവലോകനങ്ങൾ നടത്തിവരുന്നു. ഇതുകൂടാതെ ചീഫ് സെക്രട്ടറി തലത്തിലും, കാർഷികോൽപ്പാദന കമ്മിഷണർ തലത്തിലും, മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്താറുണ്ട്. 2007-2008-ൽ സംസ്ഥാനത്തിന്റെ ആഭ്യന്തര പാൽ ഉൽപ്പാദനം 22.48 ലക്ഷം മെട്രിക് ടണ്ണും ആഭ്യന്തര മുട്ട ഉൽപ്പാദനം 137.92 കോടി എണ്ണവും ആയിരുന്നത് 2009-10-ൽ 25.35 ദശലക്ഷം മെട്രിക് ടണ്ണായും മുട്ട ഉൽപ്പാദനം 163.3 കോടി എണ്ണമായും വർദ്ധിപ്പിക്കാൻ സാധിച്ചു. ഈ വർദ്ധനവ് കഴിഞ്ഞ നാലു വർഷമായി നടപ്പിലാക്കിയ വിവിധ ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിയതിലൂടെയാണ് കൈവരിക്കാൻ കഴിഞ്ഞത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly